## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:113 07.08.2017-ൽ മറുപടിക്ക്**

### ജിഷ്ണു പ്രണോയിയുടെ മരണം

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
|---|---|---|
| (എ) ജിഷ്ണു പ്രണോയിയുടെ മരണത്തെത്തുടർന്ന് അമ്മ മഹിജയും ബന്ധുക്കളും നടത്തിയ സമരം ഒത്തുതീർക്കുവാൻ ഏതെങ്കിലും കരാർ ഉണ്ടാക്കിയിരുന്നോ; ആരാണ് കരാർ ഉണ്ടാക്കുന്നതിന് മുൻകൈ എടുത്തത് എന്ന് അറയിക്കുമോ;<br>(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; അതിൽ ഏതൊക്കെ വ്യവസ്ഥകൾ ഇതിനകം നടപ്പിലാക്കി; ശേഷിക്കുന്നവ എന്നത്തേക്ക് നടപ്പിലാക്കും എന്ന് അറിയിക്കുമോ; | (എ) യും (ബി) യും | കരാർ ഇല്ല. സമരം ഒത്തുതീക്കുന്നതിന്റെ ഭാഗമായി ചില വ്യവസ്ഥകളാണ് ഉണ്ടാക്കിയിരുന്നത്. |
| (സി) മഹിജയ്ക്കും സഹോദരൻ ശ്രീജിത്തിനും ഡി.ജി.പി. ഓഫീസിനു മുന്നിൽ പോലീസ് മർദ്ദനം ഏറ്റിരുന്നോ; ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിൽ ആരെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്;<br>(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ | (സി) യും (ഡി) യും | ശ്രീമതി. മഹിജ അശോകനേയും കുടുംബത്തേയും പോലീസ് ആസ്ഥാനത്തിന് മുന്നിൽ വച്ച് പോലീസ് തടഞ്ഞ വിഷയം സംബന്ധിച്ച് അന്വേഷണം നടത്താൻ 10.04.2017-ലെ സ.ഉ. (സാധാ) നം.891/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. ആയിരുന്ന ശ്രീ.നിതിൻ അഗർവാളിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും |

| | |
|---|---|
| നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ? | ചെയ്തിട്ടുണ്ട്. പരാതിക്കാരുടെയും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെയും ശ്രീമതി. മഹിജ, ശ്രീ. ശ്രീജിത്ത് എന്നിവരെ ചികിത്സിച്ച ഡോക്ടർമാർ എന്നിവരുടെ മൊഴികളുടെയും സംഭവ സ്ഥലത്തെ വീഡിയോ ദൃശ്യങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, ആരോപിക്കുന്ന തരത്തിലുള്ള യാതൊരു പ്രവർത്തിയും പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലാ എന്നും സമരക്കാരെ പോലീസ് നീക്കം ചെയ്യാൻ ശ്രമിച്ച വേളയിൽ ആയതിന് സഹകരിക്കാതെ പോലീസിനെതിരെ ബലപ്രയോഗം നടത്തിയത് കൊണ്ടാണ് പോലീസിന് മതിയായ ബലം പ്രയോഗിച്ച് പോലീസ് ആസ്ഥാനത്തിന് സമീപത്ത് നിന്ന് അവരെ നീക്കം ചെയ്യേണ്ടി വന്നതെന്നുമാണ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ. |

**സെക്ഷൻ ഓഫീസർ**